# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 39 — 28.02.2017- ൽ മറുപടിക്ക്

## ടെക് സ്റ്റയിൽ മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ടെക് സ്റ്റയിൽ മേഖല നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ടെക്സ്റ്റയിൽ മേഖലയുടെ പുനരുദ്ധാരണത്തിന് എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 7 സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും 2 ടെക്സ്റ്റൈൽ മില്ലുകൾക്കും 4 സംയോജിത യന്ത്രത്തറി സഹകരണ സംഘങ്ങൾക്കും താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br>1. ആധുനികവത് ക്കരണം<br>2.പുനരുദ്ധാരണം<br>3.സാങ്കേതിക വിദ്യ ഉദ് ഗ്രഥനം<br>4.സംയോജിത യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത് ക്കരണം<br>കൂടാതെ പ്രാഥമിക പവ്വർലൂം സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം, നെയ്ത്തുകാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയവയും, പവ്വർലൂം ബിസിനസ് ഇൻകുബേറ്റർ/ യന്ത്രത്തറി വ്യവസായത്തിൽ പരിശീലനത്തിനുള്ള സഹായവും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാർജ്ജിൻ മണി സഹായവും നൽകി വരുന്നുണ്ട്. |
| (സി) ടെക് സ്റ്റയിൽ കോർപ്പറേഷന്റെ അധീനതയിലുള്ള പൂട്ടിക്കിടക്കുന്ന തുണിമില്ലുകൾ തുറക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (സി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള നൂൽ വാങ്ങുവാൻ അടിയന്തിര ധനസഹായം സർക്കാർ നൽകുകയും ഇതിനോടകം തന്നെ മില്ലുകളിൽ താഴെ പറയുന്നവ തുറന്നു പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

എ) മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ്, കോഴിക്കോട്
ബി) കോട്ടയം ടെക്സ്റ്റൈൽസ്, വേദഗിരി
സി) ഇടരിക്കോട് ടെക്സ്റ്റൈൽസ്, മലപ്പുറം
ഡി) പ്രഭുറാം മിൽസ്, ചെങ്ങന്നൂർ
ഇ) കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ, ആലപ്പുഴ

| | |
|---|---|
| (ഡി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി ടെക്സ്റ്റയിൽ കോർപ്പറേഷന്റെ മില്ലുകൾക്ക് പുതുജീവൻ നൽകുവാൻ ഉപയുക്തമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എത്ര കോടി രൂപയുള്ള സ്കൂൾ യൂണിഫോം തുണികൾക്കാണ് പ്രസ്തുത മില്ലുകൾക്ക് ഓർഡർ ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) ഉണ്ട്. സൗജന്യ യൂണിഫോം പദ്ധതി 2018 അദ്ധ്യയന വർഷം മുതൽ പൂർണ്ണതോതിൽ പ്രാവർത്തികമാക്കുമ്പോൾ സംസ്ഥാനത്തെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾക്ക് പുതുജീവൻ നൽകാൻ കഴിയുന്നതാണ്. സ്കൂൾ യൂണിഫോമിന് ആവശ്യമുള്ള നൂൽ ഈ മില്ലുകൾ ഉൽപാദിപ്പിക്കുന്ന പക്ഷം ഈ മില്ലുകളിൽ നിന്നും വാങ്ങാവുന്നതാണ്. എന്നാൽ കൈത്തറി തുണി തന്നെ നിഷ്കർഷിച്ചിരിക്കുന്നതിനാൽ തുണി ഉൽപാദനം കോർപ്പറേഷൻ മില്ലുകൾക്ക് നൽകാൻ സാധിക്കില്ല (യന്ത്രത്തുണി ആയതിനാൽ). ഇപ്പോൾ പൊതുമേഖലയിലുള്ള ടെക്സ്റ്റൈൽ മില്ലുകളിൽ നിന്നും സ്കൂൾ യൂണിഫോം തുണിക്ക് ഓർഡർ നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**